# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2014** **22/01/2014-ൽ മറുപടിയ്ക്ക്**

**മാതൃകാ മത്സ്യഗ്രാമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീണ്ടകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യഗ്രാമങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിലേക്കായി വകയിരുത്തിയിരുന്ന തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ; | (ബി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുവരെ 23.48 കോടി രൂപ ചെലവഴിച്ചു. |
| (സി) ഈ തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ഹൈമാസ്റ്റ് ലൈറ്റ്, ജീവനോപാധി സഹായം, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രവർത്തനങ്ങളാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണം, വൈദ്യുതീകരണം, എന്നീ പ്രവർത്തികൾക്കായി 23.48 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ആഫീസർ